തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: പി.ആർ.ബാലചന്ദ്രൻ നായർ)

## സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച നിരക്കിൽ ക്ഷാമബത്ത വർദ്ധനവ് (10%) തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിക്കുന്ന സംഗതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11900/11/Est-I** നന്തൻകോട്, 31/07/2014

---

പരാമർശം :- (1) **G.O.(P) No. 221/2014/Fin, dated 16-6-2014.**

(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 6/2014 ലെ D.A.13/14/Est-1 നമ്പർ അഭിപ്രായം

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിരക്ക് 01-1-2014 മുതൽ പരിഷ്ക്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലെ (പരാമർശം - 1) ക്രമം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം- 2).

മേൽ പരാമർശ സർക്കാർ ഉത്തരവും, ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ബോർഡ് സസൂക്ഷ്മം പരിശോധിച്ചശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്താ നിരക്ക് ചുവടെ വിവരിക്കും പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

1. എല്ലാ വിഭാഗം എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കും ഗവൺമെന്റ് ഉത്തരവിലെ ക്രമം പുതുക്കിയ നിരക്കിലുള്ള (73%) ക്ഷാമബത്തയ്ക്ക് 01-01-2014 മുതൽ അർഹത ഉണ്ടായിരിക്കുന്നതാണ്.
2. കാരാണ്മ ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ക്ഷേത്ര ജീവനക്കാർക്കും 01-01-2014 മുതൽ 73% (10% വർദ്ധനവ്) ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
3. പ്രോവിഡന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടേയും, പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തേണ്ട ജീവനക്കാരുടേയും പരിഷ്ക്കരിച്ച ക്ഷാമബത്ത (10 % വർദ്ധനവ്) 31-05-2014 വരെയുള്ളത് പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതും 2014 ജൂൺ മാസം മുതലുള്ളത് ശമ്പളത്തോടൊപ്പം പണമായി നൽകേണ്ടതുമാണ്.
4. കാരാണ്മ ജീവനക്കാർ, പ്രോവിഡന്റ് ഫണ്ടിൽ അംഗത്വമില്ലാത്ത പാർട്ട്ടൈം ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 01-01-2014 മുതൽ 31-05-2014 വരെയുള്ള ക്ഷാമബത്ത രൊക്കം പണമായി നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

എല്ലാ ആഫീസ് മേധാവികൾക്കും അയച്ചിരിക്കുന്നു. ഇ.സി.പി. സെക്ഷൻ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്